## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3006

13/03/2018-ൽ മറുപടിയ്ക്ക്

### വികേന്ദ്രീകൃതാസൂത്രണ സമിതി തീരുമാനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 23.3.2017-ലെ 2(9) നമ്പർ തീരുമാനം എന്താണെന്ന് വിശദമാക്കാമോ; | (എ) | എഞ്ചിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും, ജില്ലാ പഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്തുകൾക്കും വാഹനം വാങ്ങാവുന്നതാണ്. |
| (ബി) | പ്രസ്തുത തീരുമാന പ്രകാരം ബ്ലോക്കിലെ എൽ.എസ്.ജി.ഡി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാങ്ങുന്നതിന് അനുമതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഉണ്ട്. പദ്ധതിമാർഗ്ഗരേഖ നിബന്ധനകൾക്ക വിധേയമായി പുതിയ വാഹനം വാങ്ങാവുന്നതാണ്. |
| (സി) | കാസർഗോഡ് ജില്ലയിൽ പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടും വാഹനം വാങ്ങുന്നതിന് ബന്ധപ്പെട്ടവർ അനുമതി നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | എങ്കിൽ അനുമതി നൽകാത്തതിനുള്ള കാരണം വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ